# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *218 — 18.06.2014 ൽ മറുപടിക്ക്

## താലൂക്ക് ആശുപത്രികളിലെ അപര്യാപ്തതകൾ

| ചോദ്യം<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിൽ സ്ഥിരമായി ഒഴിഞ്ഞു കിടക്കുന്ന വിഭാഗങ്ങളിൽ എൻ.ആർ.എച്ച്.എം-ൽ നിന്നല്ലാതെ സ്ഥിരനിയമനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) | സംസ്ഥാനത്തെ താലൂക്ക് ആശുപത്രികളിൽ, നഴ്സിംഗ്, ഫാർമസി എന്നീ വിഭാഗം തസ്തികകൾ സ്ഥിരമായി ഒഴിഞ്ഞുകിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഒഴിവുകൾ ഉണ്ടാവുന്ന മുറയ്ക്ക് അവ പി.എസ്.സി യെ അറിയിച്ചോ, പ്രൊമോഷൻ മുഖേനയോ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു പോരുന്നുണ്ട്. സ്ഥിരമായി ഒഴിഞ്ഞു കിടക്കുന്ന സ്പെഷ്യാലിറ്റി വിഭാഗം ഡോക്ടർമാരുടെ ഒഴിവുകളിൽ, ഈ വകുപ്പിലെ തന്നെ നിശ്ചിത യോഗ്യതയുള്ള ബിരുദാനന്തര ബിരുദമുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ വാങ്ങി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പി.എസ്.സി മുഖാന്തിരം നിയമനം ലഭിക്കുന്ന ഡോക്ടർമാരെയും, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിൽ നിയമിക്കാറുണ്ട്. |
| (ബി) | അനസ്തേഷ്യ വിഭാഗം പ്രവർത്തിക്കാത്ത താലൂക്ക് ആശുപത്രികൾ കൊല്ലം ജില്ലയിൽ എത്രയുണ്ടെന്ന് വിശദമാക്കുമോ ; | (ബി) | കൊല്ലം ജില്ലയിൽ നെടുങ്ങോലം, കുണ്ടറ, നീണ്ടകര എന്നീ മൂന്ന് താലൂക്ക് ആശുപത്രികളിൽ അനസ്തേഷ്യ വിഭാഗം പ്രവർത്തിക്കുന്നില്ല. |
| (സി) | മതിയായ തിയേറ്റർ, അനസ്തേഷ്യ സംവിധാനങ്ങൾ ഇല്ലാത്തതിനാൽ മൈനർ ഓപ്പറേഷൻപോലും ജില്ലാ ആശുപത്രിയിലേക്കോ മെഡിക്കൽ കോളേജിലേക്കോ റഫർ ചെയ്യുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; ആയത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ? | (സി) | മൈനർ ഓപ്പറേഷനുകൾ മറ്റ് ആശുപത്രികളിലേയ്ക്ക് റഫർ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ